# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്

## എസ്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്)
## പരീക്ഷ – മാർച്ച് 2026

# വിജ്ഞാപനം

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം –12**

ഇ.എക്സ്/സി.ജി.എൽ(3)/45005/2025/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം.
തീയതി : 29/10/2025

# വിജ്ഞാപനം

വിഷയം: പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ മാർച്ച് 2026 - സംബന്ധിച്ച്.

സൂചന: 1. ജി.ഒ (പി) 53/2004/പൊ.വി.വ തീയതി 04/02/2004

2. ജി.ഒ (ആർ.ടി) 4610/2012/പൊ.വി.വ തീയതി 28/09/2012

3. ജി.ഒ (ആർ.ടി) 3936/2013/പൊ.വി.വ തീയതി 25/09/2013.

4. സ.ഉ(സാധാ)നം. 4932/2024/GEDN. തീയതി. 08/08/2024.

------

2025-2026 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ **05/03/2026 വ്യാഴാഴ്ച** ആരംഭിച്ച് **30/03/2026 തിങ്കളാഴ്ച** അവസാനിക്കുന്നതാണ്. പരീക്ഷയുടെ സമയവിവരപട്ടിക ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

(1) പരീക്ഷയ്ക്ക് കഴിഞ്ഞ വർഷത്തെപ്പോലെ 10 പേപ്പറുകൾ ഉണ്ടായിരിക്കും. റഗുലർ വിഭാഗത്തിലുള്ളവർക്ക് 8 പേപ്പറുകൾ എഴുത്തു പരീക്ഷയായാണ് നടത്തുന്നത്. ഇൻഫർമേഷൻ ടെക്നോളജി തിയറി പരീക്ഷ പ്രാക്ടിക്കൽ പരീക്ഷയോടൊപ്പമാണ് നടത്തുന്നത്. പ്രീ-വൊക്കേഷണൽ വിഷയത്തിന് പ്രാക്ടിക്കൽ പരീക്ഷ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

(2) ജി.ഒ.(ആർ.ടി) നമ്പർ 4610/2012/പൊ.വി.വ തീയതി 28-09-2012 പ്രകാരം ഐ.റ്റി. പരീക്ഷയുടെ സ്കോർ റഗുലർ വിദ്യാർത്ഥികൾക്ക് പരമാവധി 50 എന്ന് നിജപ്പെടുത്തിയിരിക്കുന്നു. അതിൽ 40 സ്കോർ പൊതുപരീക്ഷയ്ക്കും 10 സ്കോർ നിരന്തര മൂല്യനിർണ്ണയത്തിനുമായി ക്രമീകരിച്ചിരിക്കുന്നു. 40 സ്കോറിന്റെ പൊതുപരീക്ഷയിൽ 10 സ്കോർ തിയറി പരീക്ഷയ്ക്കും 30 സ്കോർ പ്രാക്ടിക്കൽ പരീക്ഷയ്ക്കുമാണ്.

(3) മലയാളം, ഇംഗ്ലീഷ്, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളുടെ എഴുത്തു പരീക്ഷയുടെയും തുടർമൂല്യനിർണ്ണയത്തിന്റെയും സ്കോർ 80:20 എന്ന അനുപാതത്തിലും ഇൻഫർമേഷൻ ടെക്നോളജി, പ്രീ-വൊക്കേഷണൽ വിഷയങ്ങൾ എന്നിവ ഒഴികെയുള്ള മറ്റു വിഷയങ്ങളുടേത് 40:10 എന്ന അനുപാതത്തിലുമായിരിക്കും.

(4) റഗുലർ വിദ്യാർത്ഥികൾക്ക് ഇൻഫർമേഷൻ ടെക്നോളജി പരീക്ഷയുടെ തുടർമൂല്യനിർണ്ണയം, തിയറി പരീക്ഷ, പ്രാക്ടിക്കൽ പരീക്ഷ എന്നിവയുടെ സ്കോർ 10:10:30 എന്ന അനുപാതത്തിലായിരിക്കും. ***ഐ.ടി. തിയറി പരീക്ഷയ്ക്കും പ്രാക്ടിക്കൽ പരീക്ഷയ്ക്കും പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.***

(5) പ്രീ-വൊക്കേഷണൽ വിഷയങ്ങൾക്ക് തുടർമൂല്യനിർണ്ണയത്തിന്റെയും പ്രാക്ടിക്കൽ പരീക്ഷയുടെയും സ്കോർ 10:40 എന്ന അനുപാതത്തിലായിരിക്കും.

(6) 80 സ്കോർ ഉള്ള വിഷയങ്ങൾക്ക് 2½ മണിക്കൂറും, 40 സ്കോർ ഉള്ള വിഷയങ്ങൾക്ക് 1½ മണിക്കൂറുമാണ് പരീക്ഷാസമയം.

(7) സ്കൂൾ ലീവിംങ് സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.

(8) ഗ്രേഡിംഗ് 9 പോയിന്റ് സ്കെയിലിൽ ആണ് നടപ്പിലാക്കുന്നത്.

## ഗ്രേഡിംഗ് സ്കെയിൽ

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very Good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D+ | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിന് താഴെ | 1 | Need Improvement |

**പരീക്ഷയുടെ വിഷയങ്ങൾ, സ്കോർ, സമയം എന്നിവ ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | | |
|---|---|---|---|---|---|---|
| | | സി.ഇ | എഴുത്തു പരീക്ഷ (റ്റി.ഇ) | പ്രാക്ടിക്കൽ പരീക്ഷ | ആകെ | സമയം മണിക്കൂറിൽ |
| 1 | മലയാളം | 20 | 80 | – | 100 | 2 ½ |
| 2 | ഇംഗ്ലീഷ് | 20 | 80 | – | 100 | 2 ½ |
| 3 | ഊർജ്ജതന്ത്രം | 10 | 40 | – | 50 | 1 ½ |
| 4 | രസതന്ത്രം | 10 | 40 | – | 50 | 1 ½ |
| 5 | ജീവശാസ്ത്രം | 10 | 40 | – | 50 | 1 ½ |
| 6 | സോഷ്യൽ സയൻസ് I (ചരിത്രം & പൗരധർമ്മ ശാസ്ത്രം) | 10 | 40 | – | 50 | 1 ½ |
| 7 | സോഷ്യൽ സയൻസ് II (ഭൂമിശാസ്ത്രം & ധനതത്വ ശാസ്ത്രം) | 10 | 40 | – | 50 | 1 ½ |
| 8 | ഗണിതശാസ്ത്രം | 20 | 80 | – | 100 | 2 ½ |
| 9 | ഇൻഫർമേഷൻ ടെക്നോളജി | 10 | 10 | 30 | 50 | 1 |
| 10 | പ്രീ-വൊക്കേഷണൽ വിഷയം | 10 | – | 40 | 50 | 3 |
| | ആകെ | 130 | 450 | 70 | 650 | |

➤ **ജി.ഒ (ആർ.ടി) നമ്പർ 3936/2013/പൊ.വി.വ തീയതി 25/09/2013 പ്രകാരം ഐ.റ്റി പരീക്ഷയുടെ സമയം 1 മണിക്കൂർ മാത്രമാണ്. ഉന്നത വിദ്യാഭ്യാസത്തിനുള്ള അർഹത നേടുന്നതിന് ഓരോ പേപ്പറിനും കുറഞ്ഞത് ഡി+ ഗ്രേഡ് (ഓരോ പേപ്പറിനും 30% മുതൽ 39%) നേടിയിരിക്കണം.**

## 2. പ്രാക്ടിക്കൽ പരീക്ഷ

(1) ഐ.റ്റി പ്രാക്ടിക്കൽ പരീക്ഷയുടെ സ്കോർ റഗുലർ വിദ്യാർത്ഥികൾക്ക് പരമാവധി 30 ആയി നിജപ്പെടുത്തിയിരിക്കുന്നു. അതിൽ 28 സ്കോർ ഐ.റ്റി ശേഷികൾ പരിശോധിക്കുന്നതിനും 2 സ്കോർ ഐ.റ്റി പ്രാക്ടിക്കൽ വർക്ക് ബുക്കിന് വേണ്ടിയും നീക്കിവെച്ചിരിക്കുന്നു. സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നടത്തുന്ന 28 സ്കോറിനു വേണ്ടിയുള്ള പരീക്ഷയുടെ ഉത്തരങ്ങൾ ഇൻവിജിലേറ്റർമാരായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ തന്നെയായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്. പ്രാക്ടിക്കൽ വർക്ക് ബുക്കിനുള്ള സ്കോർ (പരമാവധി 2 സ്കോർ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കും.

(2) പ്രൈവറ്റ് വിദ്യാർത്ഥികളുടെ ഐ.റ്റി പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞ വർഷങ്ങളിലെപ്പോലെ എഴുത്തു പരീക്ഷ തുടങ്ങുന്നതിന് മുൻപ് നടത്തുന്നതായിരിക്കും.

(3) ഐ.റ്റി പരീക്ഷ പ്രത്യേക സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നടത്തുന്നത്. **ഐ.റ്റി പരീക്ഷകൾക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.**

(4) പ്രീ-വൊക്കേഷണൽ വിഷയങ്ങൾക്കുള്ള പ്രാക്ടിക്കൽ പരീക്ഷ എഴുത്തുപരീക്ഷയ്ക്ക് 3 ദിവസം മുൻപ് നടത്തുന്നതായിരിക്കും. പരീക്ഷാർത്ഥികൾ തങ്ങളുടെ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാരിൽ നിന്നും പ്രാക്ടിക്കൽ പരീക്ഷയുടെ തീയതിയും സമയവും മുൻകൂട്ടി മനസ്സിലാക്കേണ്ടതാണ്.

### എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ മാർച്ച് 2026-ലെ സമയ വിവര പട്ടിക

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 05/03/2026 | വ്യാഴം | രാവിലെ 9.30 മുതൽ 12.15 വരെ | മലയാളം |
| 09/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | ഇംഗ്ലീഷ് |
| 13/03/2026 | വെള്ളി | രാവിലെ 9.30 മുതൽ 11.15 വരെ | സോഷ്യൽ സയൻസ് -1 (ഹിസ്റ്ററി & സിവിക്സ്) |
| 16/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | ഗണിതശാസ്ത്രം |
| 18/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | ഊർജ്ജതന്ത്രം |
| 23/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 11.15 വരെ | സോഷ്യൽ സയൻസ് -II (ജ്യോഗ്രഫി & എക്കണോമിക്സ്) |
| 25/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | രസതന്ത്രം |
| 30/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 11.15 വരെ | ജീവശാസ്ത്രം |
| **ഐ.ടി. പ്രാക്ടിക്കൽ പരീക്ഷ 01/02/2026 മുതൽ 14/02/2026 വരെ** | | | |

**കുറിപ്പ്**

**പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവയെ അടിസ്ഥാനമാക്കി എസ്.എസ്.എൽ.സി പരീക്ഷയുടെ സമയക്രമത്തിൽ മാറ്റം ഉണ്ടാകാവുന്നതാണ്.**

*പ്രത്യേക ശ്രദ്ധയ്ക്ക്*

1. അംഗീകരിച്ചിട്ടുള്ള ഇന്ത്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാ കമ്മീഷണറുടെ/സെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.
3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.
4. എല്ലാ പരീക്ഷകൾക്കും ആരംഭത്തിലെ 15 മിനിറ്റ് ആശ്വാസ സമയമായിരിക്കും (Cool off Time).

## 3. പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

### (1) റഗുലർ കാൻഡിഡേറ്റ്സ് (SGC)

(എ) 2025–2026 അധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിൽ എസ്.എസ്.എൽ.സി (എച്ച്.ഐ) 10–ാം തരത്തിൽ പഠിക്കുന്നവരും 01/10/2024–ൽ സ്കൂൾ റോളിൽ ഉള്ളവരുമായ വിദ്യാർത്ഥികൾക്ക് റഗുലർ കാൻഡിഡേറ്റ്സ് ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

(ബി) 01/06/2024–ൽ 14 വയസ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികളെ മാത്രമേ കാൻഡിഡേറ്റ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്ന് സ്കൂൾ മേധാവി ഉറപ്പു വരുത്തേണ്ടതാണ്.

### (2) അറ്റൻഡൻസ് റീകൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC)

2024–2025 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി (എച്ച്.ഐ) സ്റ്റാൻഡേർഡ് X–ലെ തുടർമൂല്യനിർണ്ണയം പൂർത്തീകരിച്ചതും എന്നാൽ ഹാജറിന്റെ കുറവുമൂലം പൊതു പരീക്ഷ എഴുതാൻ കഴിയാതെപോവുകയും ഈ അധ്യയന വർഷം ആ സ്കൂളിൽ പുന:പ്രവേശനം നേടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അറ്റൻഡൻസ് റീകൂപ്ഡ് കാൻഡിഡേറ്റ് വിഭാഗത്തിൽ മാർച്ച് 2026–ൽ പരീക്ഷ എഴുതാവുന്നതാണ്. ***ARC വിഭാഗം വിദ്യാർത്ഥികൾ 2025–26 വർഷം നിലവിലുള്ള പുതിയ സിലബസിലാണ് പരീക്ഷ എഴുതേണ്ടത്.***

### (3) കാൻഡിഡേച്ചർ ക്യാൻസൽഡ് കാൻഡിഡേറ്റ്സ് (CCC)

2024–2025 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷയ്ക്കായി തയ്യാറാക്കിയ 'എ' ലിസ്റ്റിൽ ഉൾപ്പെട്ട് പരീക്ഷ എഴുതുന്നതിന് മതിയായ ഹാജർ നേടിയിരുന്നെങ്കിലും അസുഖം മൂലമോ സാധുവായ മറ്റ് കാരണത്താലോ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് ***ഈ വർഷം അതേ സ്കൂളിൽ 'കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ്' 2024–25 വർഷം നിലവിലുണ്ടായിരുന്ന സിലബസിൽപരീക്ഷ എഴുതാവുന്നതാണ്.***

(4) **ബെറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT)**

എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടുകയും എന്നാൽ പരീക്ഷാഫലം മെച്ചപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ബെറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് വിഭാഗത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

(i) എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ വിജയിച്ച് മൂന്നു വർഷത്തിനകം ഫലം മെച്ചപ്പെടുത്തുന്നതിനായി പരീക്ഷ എഴുതേണ്ടതാണ്.

(ii) ഈ കാലയളവിൽ മറ്റൊരു ഉയർന്ന യോഗ്യതയും നേടിയിരിക്കാൻ പാടുള്ളതല്ല

(iii) ഫലം മെച്ചപ്പെടുത്തുന്നതിനായി ഒരവസരം മാത്രമേ അനുവദിക്കുകയുള്ളൂ. എല്ലാ വിഷയങ്ങൾക്കും (ഫുൾ കോഴ്സായി) പരീക്ഷ എഴുതേണ്ടതാണ്.

(5) **(a) പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം (PCO)**

എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ 2020-21 മുതൽ 2024-25 വർഷം വരെ ഗ്രേഡിംഗ് സമ്പ്രദായത്തിൽ പരീക്ഷയെഴുതി ഉപരിപഠനത്തിന് അർഹത നേടാത്ത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം (PCO) വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്.

**(b) പ്രൈവറ്റ് കാൻഡിഡേറ്റ്സ് ന്യൂ സ്കീം (PCN)**

***2025-26 അക്കാദമിക വർഷം പുതിയ സ്കീം നിലവിൽ വന്നതിനാൽ 2026 മാർച്ചിൽ പി.സി.എൻ വിഭാഗം ഉണ്ടായിരിക്കുന്നതല്ല.***

***അഡീഷണൽ ഇംഗ്ലീഷ്, സ്പെഷ്യൽ ഇംഗ്ലീഷ്, ജനറൽ നോളഡ്ജ് എന്നീ വിഷയങ്ങൾക്ക് കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന സിലബസിലാണ് പരീക്ഷ എഴുതേണ്ടത്.***

4. പരീക്ഷാകേന്ദ്രങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സെന്റർ കോഡ് | പരീക്ഷാ കേന്ദ്രം | വിദ്യാഭ്യാസ ജില്ല |
|---|---|---|---|
| 1 | 11801 | മാർത്തോമ സ്കൂൾ ഫോർ ദി ഡഫ്, ചെർക്കള, ചെങ്ങള പി.ഒ, കാസറഗോഡ് | കാസറഗോഡ് |
| 2 | 12801 | ജ്യോതിഭവൻ സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡ്, ചായോത്, ചായോത് പി.ഒ, നീലേശ്വരം, കാസറഗോഡ് 671314 | കാഞ്ഞങ്ങാട് |
| 3 | 49801 | ഡോൺ ബോസ്കോ സ്പീച്ച് ആന്റ് ഹിയറിംഗ് സെന്റർ കാരകുണ്ട്, തിരുവട്ടൂർ, തളിപറമ്പ, കണ്ണൂർ 670502 | തളിപറമ്പ |
| 4 | 49802 | കാരുണ്യനികേതൻ സ്കൂൾ ഫോർ ഡഫ്, വിളയൻകോട്, പി.ഒ. വിളയൻകോട്, കണ്ണൂർ 670 501 | തളിപറമ്പ |
| 5 | 14801 | സ്പെഷ്യൽ സ്കൂൾ ഫോർ ഡഫ് ആന്റ് ഡംമ്പ്, ചവറ നിവാസ്, ഇരിട്ടി, ഇരിട്ടി പി.ഒ, കണ്ണൂർ 670 703 | തലശ്ശേരി |
| 6 | 15801 | സെന്റ് റോസല്ലോസ് സ്കൂൾ ഫോർ സ്പീച്ച് & ഹിയറിംഗ്, പൂമല, സുൽത്താൻ ബത്തേരി, വയനാട് 673 592 | വയനാട് |
| 7 | 15802 | വയനാട് ഓർഫനേജ് സ്കൂൾ ഫോർ ഡഫ് ആന്റ് ഡംമ്പ്, മുട്ടിൽ, കൽപ്പറ്റ, വയനാട് | വയനാട് |
| 8 | 17801 | റഹ്മാനിയ സ്കൂൾ ഫോർ ദി ഹാൻഡികാപ്പ്ഡ് വെള്ളിപറമ്പ്, കോഴിക്കോട് - 673 008 | കോഴിക്കോട് |

| | | | |
|---|---|---|---|
| 9 | 17802 | കാലിക്കറ്റ് സ്കൂൾ ഫോർ ദി ഹാൻഡികാപ്പ്ഡ്, സ്നേഹനഗർ പി.ഒ, കോലത്തറ – 673 655 | കോഴിക്കോട് |
| 10 | 17803 | കരുണ സ്പീച്ച് ആന്റ് ഹിയറിംഗ് ഫോർ ദി ഡഫ്, ഇരഞ്ഞിപ്പാലം, കോഴിക്കോട് – 673 006 | കോഴിക്കോട് |
| 11 | 18801 | അസ്സീസി സ്കൂൾ ഫോർ ദി ഡഫ്, പാലച്ചോട് പി.ഒ, മലപ്പുറം 679 338 | മലപ്പുറം |
| 12 | 50801 | സ്കൂൾ ഫോർ ദി ഡഫ് പരപ്പനങ്ങാടി, കൊടക്കാട് പി.ഒ, മലപ്പുറം – 673 640 | തിരൂരങ്ങാടി |
| 13 | 18803 | കാരുണ്യഭവൻ സ്കൂൾ ഫോർ ദി ഡഫ്, വാഴക്കാട് പി.ഒ, മലപ്പുറം – 673 640 | മലപ്പുറം |
| 14 | 48801 | ബഡ്സ് സ്കൂൾ ഫോർ ദി ഹിയറിംഗ് ഇംപയേർഡ്, നിലമ്പൂർ, റെയിൽവേ സ്റ്റേഷൻ പി.ഒ, മലപ്പുറം – 679 330 | വണ്ടൂർ |
| 15 | 20801 | ഗവ.എച്ച്.എസ്. ഫോർ ദി ഡഫ്, ഒറ്റപ്പാലം പി.ഒ, ഒറ്റപ്പാലം, പാലക്കാട് – 679 104 | ഒറ്റപ്പാലം |
| 16 | 21801 | ശ്രവണ സംസാര സ്കൂൾ, വെസ്റ്റ് യാക്കര, വെസ്റ്റ് യാക്കര പി.ഒ പാലക്കാട് – 678 001 | പാലക്കാട് |
| 17 | 22801 | ആശഭവൻ സ്കൂൾ ഫോർ ദി ഡഫ്, പാവറട്ടി പി.ഒ, ഒല്ലൂർ, തൃശ്ശൂർ – 680 306 | തൃശ്ശൂർ |
| 18 | 22802 | അമൃത സ്പീച്ച് ആന്റ് ഹിയറിംഗ് ഇംപ്രൂവ്മെന്റ് സ്കൂൾ, അയ്യന്തോൾ, തൃശ്ശൂർ– 680 003 | തൃശ്ശൂർ |
| 19 | 24801 | ജി.എച്ച്.എസ്.ഫോർ ദി ഡഫ് കുന്നംകുളം, തൃശ്ശൂർ – 680 565 | ചാവക്കാട് |
| 20 | 24802 | സ്നേഹാലയം സി.എസ്.ഐ എച്ച്.എസ് ഫോർ ഡഫ്, കുന്നംകുളം പി.ഒ – 680 503 | ചാവക്കാട് |
| 21 | 25801 | സെന്റ് ക്ലെയർ ഓറൽ സ്കൂൾ ഫോർ ദി ഡഫ് മാണിക്ക മംഗലം, കാലടി പി.ഒ – 683 574 | ആലുവ |
| 22 | 26801 | ഫാ.അഗസ്റ്റിനോ വിസിനിസ് സ്പെഷ്യൽ സ്കൂൾ ഫോർ ദി ഹിയറിംഗ് ഇംപയേർഡ്, മുണ്ടംവേലി, എറണാകുളം – 682 507 | എറണാകുളം |
| 23 | 28801 | അസ്സീസി സ്കൂൾ ഫോർ ദി ഡഫ് ഈസ്റ്റ് വാഴപ്പിള്ളി, വാഴപ്പിള്ളി പി.ഒ, എറണാകുളം | മൂവാറ്റുപ്പുഴ |
| 24 | 37801 | സി.എസ്.ഐ. വി.എച്ച്.എസ്.എസ് ഫോർ ദി ഡഫ് തിരുവല്ല തിരുവല്ല പി.ഒ – 689 101 | തിരുവല്ല |
| 25 | 38801 | സി.എസ്.ഐ. എച്ച്.എസ്.എസ് ഫോർ ദി പാർഷ്യലി ഹിയറിംഗ് മനകല, അടൂർ, പത്തനംതിട്ട – 691 551 | പത്തനംതിട്ട |
| 26 | 38802 | ദി സ്കൂൾ ഫോർ ദി ഡഫ്, ഏനാത്ത് പി.ഒ, അടൂർ, പത്തനംതിട്ട 691 526 | പത്തനംതിട്ട |
| 27 | 43801 | ഗവ.വി.എച്ച്.എസ്.എസ്.ആന്റ് റ്റി.എച്ച്.എസ്.ഫോർ ദി ഡഫ്, ജഗതി, തിരുവനന്തപുരം. | തിരുവനന്തപുരം |
| 28 | 45801 | എച്ച്.എസ്.എസ് ഫോർ ദി ഡഫ് ആന്റ് ബ്ലൈൻഡ്, നീർപ്പാറ, അസ്സീസി മൗണ്ട്, കോട്ടയം 686 605 | കടുത്തുരുത്തി |
| 29 | 45802 | ഔർ ലേഡി ഓഫ് കൺസൊലേഷൻ എച്ച്.എസ്.ഫോർ ഡഫ് ആന്റ് ഡംമ്പ് മണ്ണക്കനാട്, കുറുവിലങ്ങാട്, കോട്ടയം 686 633 | കടുത്തുരുത്തി |

പരീക്ഷാകേന്ദ്രങ്ങളായ സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ (മറ്റൊരു ഉത്തരവ് ഉണ്ടാകാത്ത പക്ഷം) അതാത് പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാരായിക്കും. പരീക്ഷാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ ചീഫ് സൂപ്രണ്ടുമാരായി സർക്കാർ സ്കൂളുകളിലെ

അദ്ധ്യാപകരെ നിയമിക്കുന്നതായിരിക്കും. ***31/03/2026-ന് വിരമിക്കുന്ന പ്രധാനാദ്ധ്യാപകരെ ചീഫ് സൂപ്രണ്ട് ആയി നിയമിക്കുന്നതല്ല.***

**5. (1) <u>പരീക്ഷാഫീസ്</u>** <u>രൂപ</u>

| | | |
|---|---|---|
| (1) സ്കൂൾ ഗോയിംഗ് (റഗുലർ) | – | 30.00 |
| (2) പ്രൈവറ്റ് വിഭാഗം (ഒരു പേപ്പറിന്) | – | 20.00 |
| (3) താമസിച്ച് ഒടുക്കുന്നതിനുള്ള പിഴ (ഫൈൻ) | – | 10.00 |
| (4) ബെറ്റർമെന്റ് ഓഫ് റിസൾട്ട് വിഭാഗം | – | 200.00 |

പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ അപേക്ഷയും പരീക്ഷാഫീസും സ്കൂൾ മേധാവി സ്വീകരിക്കേണ്ടതാണ്. ഫീസ് ട്രഷറിയിൽ **<u>"0202-01-102-99-Examination fees"</u>** എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## (2) <u>പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കൽ</u>

ഗവൺമെന്റ് സ്കൂളുകളിൽ നിന്നോ എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിൽ നിന്നോ കോഴ്സ് പൂർത്തിയാക്കി എസ്.എസ്.എൽ.സി (എച്ച്.ഐ) റഗുലർ (SGC) വിഭാഗത്തിൽ ഒന്നാം അവസര മായി പരീക്ഷ എഴുതുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികളെ പരീക്ഷാഫീസിൽനിന്നും ഒഴിവാക്കിയിരിക്കുന്നു (G.O.(Rt). 3668/2001/G.Edn dated 13/10/2001). അറ്റൻഡൻസ് റീകൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC), കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ് (CCC), ബെറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT) എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് ഫീസിളവിന് അർഹത ഉണ്ടായിരിക്കുകയില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് അർഹതയുള്ള വിഭാഗത്തിൽപ്പെട്ടവരും (ഒ.ഇ.സി) ആയ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തീകരിച്ച് 3 വർഷത്തിനുള്ളിൽ പരീക്ഷ എഴുതുന്ന 2 അവ സരങ്ങൾക്ക് ഫീസ് ഒടുക്കേണ്ടതില്ല. (G.O.(MS).32/74/G.Edn, dated 18/02/1974).

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ അഞ്ചുവർഷം വരെ പരീക്ഷ എഴുതാവുന്നതാണ് (G.O.(Rt) 680/1981/G.Edn dated 25/02/1981).

അംഗീകൃത അനാഥാലയങ്ങളിലെയും സർക്കാർ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസിക ളായ പരീക്ഷാർത്ഥികളെ പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ഒരു കാരണവശാലും പരീക്ഷാഫീസ് നേരിട്ട് തുകയായോ ചെക്കായോ മണി ഓർഡറായോ പോസ്റ്റൽ ഓർഡറായോ മറ്റു വിധത്തിലോ ഈ ഓഫീസിലേക്ക് അയയ്ക്കുവാൻ പാടുള്ളതല്ല**. പരീക്ഷാ കേന്ദ്രത്തിലെ പ്രധാനാദ്ധ്യാപകർ മുഖാന്തിരം മാത്രമേ പരീക്ഷാ ഫീസ് അടയ്ക്കുവാൻ പാടുള്ളൂ. ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുകയോ തുടർന്ന് വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ചെയ്യുന്നതല്ല.

**(4) <u>പരീക്ഷാഫീസ് ഒടുക്കേണ്ടതും കാൻഡിഡേറ്റ് ലിസ്റ്റ് സമർപ്പിക്കേണ്ടതുമായ തീയതികൾ</u>**

| | | | |
|---|---|---|---|
| (എ) | അപേക്ഷയും പരീക്ഷാഫീസും പിഴ കൂടാതെ സ്വീകരിക്കേണ്ട തീയതികൾ | : | 12/11/2025 മുതൽ 19/11/2025 വരെ |
| (ബി) | 19/11/2025 വരെ ലഭിച്ച പരീക്ഷാ ഫീസുകൾ ഖജനാവിൽ (ട്രഷറിയിൽ) ഒടുക്കേണ്ട തീയതി | : | 21/11/2025 |
| (സി) | പിഴയോടുകൂടി പരീക്ഷാഫീസും അപേക്ഷയും സ്വീകരിക്കേണ്ട തീയതികൾ | : | 21/11/2025 മുതൽ 26/11/2025 വരെ |
| (ഡി) | പിഴയോടുകൂടി ലഭിച്ചിട്ടുള്ള തുക ഖജനാവിൽ ഒടുക്കേണ്ട തീയതി | : | 27/11/2025 |
| (ഇ) | എസ്.എസ്.എൽ.സി(എച്ച്.ഐ) കാർഡിന്റെ തുക ഹെഡ്മാസ്റ്റർമാർ ഖജനാവിൽ അടക്കേണ്ട അവസാന തീയതി | : | 27/11/2025 |

**കുറിപ്പ്:-** **iExaMS വഴിയുള്ള ഓൺലൈൻ പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങളും ഷെഡ്യൂളും പ്രത്യേകമായി നൽകുന്നതാണ്.**

## 6. <u>സർട്ടിഫിക്കറ്റിന്റെ വില</u>

എല്ലാ വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികളും (റഗുലർ/പ്രൈവറ്റ്) എസ്.എസ്.എൽ.സി (എച്ച്.ഐ) കാർഡിന്റെ വിലയായി 15 രൂപ നൽകേണ്ടതാണ്. സ്കൂൾ മേധാവി കാർഡിന്റെ വില ശേഖരിച്ച് **<u>"0202-01-102-92-അദർ റസീപ്റ്റ്സ്"</u>** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. അംഗീകൃത അനാഥാലയങ്ങളിലെയും സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളായ പരീക്ഷാർത്ഥികളെ സർട്ടിഫിക്കറ്റ് കാർഡിന്റെ വില ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## 7. <u>പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്ന വിധം</u>

(i) സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സിന്റെ വിവരങ്ങളും ഫോട്ടോയും 'സമ്പൂർണ്ണ' യിൽ നിന്നും iExaMS സോഫ്റ്റ് വെയർ മുഖാന്തിരം ശേഖരിക്കുന്നതാണ്. സ്കൂൾ ഗോയിംഗ് വിഭാഗത്തിലെ കുട്ടികളുടെ വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്. തിരുത്തലുകൾ പൂർത്തീകരിച്ചശേഷം സ്കൂൾ മേധാവി list confirm ചെയ്യേണ്ടതും വിദ്യാർത്ഥികളുടെ ഫൈനൽ ലിസ്റ്റ് പ്രിന്റ് എടുക്കേണ്ടതുമാണ്.

(ii) പ്രൈവറ്റ് പരീക്ഷാർത്ഥികളിൽ നിന്നും പരീക്ഷാഫീസ് സ്വീകരിക്കുമ്പോൾ അവരുടെ എസ്.എസ്.എൽ.സി (എച്ച്.ഐ.) കാർഡിൽ തിരുത്തലുകളോ ക്രമക്കേടുകളോ നടന്നിട്ടില്ലെന്നും അപേക്ഷകളിൽ അവർ മുമ്പ് എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ (മുൻവർഷങ്ങളിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പറും പരീക്ഷാകേന്ദ്രവും) രേഖപ്പെടുത്തിയിട്ടുണ്ടെന്നും സ്കൂൾ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി (എച്ച്.ഐ.) കാർഡ് പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ടതും പുതിയ സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ പഴയ കാർഡ് സഹിതം പരീക്ഷാർത്ഥികൾക്ക് തിരികെ

നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും ഒറിജിനൽ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിലേക്ക് അയയ്ക്കുവാൻ പാടില്ല.

## 8. പരീക്ഷാർത്ഥിത്വം റദ്ദാക്കൽ

ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ (അനുബന്ധം 'C') അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഹാൾടിക്കറ്റ് വിതരണത്തിനായുള്ള നിർദ്ദിഷ്ട തീയതിക്കുമുമ്പായി iExaMS-ലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. **ഐ.ടി പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ കഴിയുന്നതല്ല.**

## 9. ഗ്രേസ് മാർക്ക് ആനുകൂല്യം

**പുതിയ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഗ്രേസ്മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.**

## 10. അഡ്മിഷൻ ടിക്കറ്റ് വിതരണം

പരീക്ഷാർത്ഥികളുടെ ഫോട്ടോ പതിച്ച അഡ്മിഷൻ ടിക്കറ്റ് പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും ചീഫ് സൂപ്രണ്ടുമാർ iExaMS-ൽ നിന്നും download ചെയ്ത് വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്. ഭാഷേതര വിഷയങ്ങളിൽ ഇംഗ്ലീഷിലോ മലയാളത്തിലോ ഉത്തരം എഴുതാൻ അനുവദിച്ചിരിക്കുന്നു.

## 11. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയും ഫോട്ടോകോപ്പിയും പുനർമൂല്യനിർണ്ണയവും

(1) ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പിയ്ക്ക് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം അപേക്ഷ (അനുബന്ധം ബി) സമർപ്പിക്കേണ്ടതാണ്. ഫോട്ടോകോപ്പി ലഭിക്കുന്നതിന് ഒരു **പേപ്പറിന് 200/- രൂപയായി നിശ്ചയിച്ചിരിക്കുന്നു.**

(2) ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം അപേക്ഷ (അനുബന്ധം ബി) സമർപ്പിക്കേണ്ടതാണ്. പേപ്പർ ഒന്നിന് 50/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.

(3) ഉത്തരക്കടലാസുകൾ (തിയറി വിഷയങ്ങൾക്ക് മാത്രം) പുനർമൂല്യനിർണ്ണയം നടത്തുന്നതിന് നിശ്ചിതമാതൃകയിലുള്ള അപേക്ഷ (അനുബന്ധം ബി) നൽകാവുന്നതാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ ക്രമത്തിൽ ഫീസ് നിശ്ചയിച്ചിരിക്കുന്നു. പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി അഞ്ചു ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുതായി ലഭിച്ച ഗ്രേഡുകൾ ഉൾപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സ്കൂൾ മേധാവി മുഖാന്തിരം വിതരണം ചെയ്യുന്നതാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ഫീസായി നൽകിയ തുക തിരികെ ലഭിക്കുന്നതാണ്. എ+ ഗ്രേഡ് ലഭിക്കുന്ന വിഷയങ്ങൾക്കും പുനർമൂല്യ നിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്.

(4) ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം, സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കുവേണ്ടി സ്വീകരിക്കുന്ന ഫീസിൽ നിന്നും പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് തുക തിരികെ നൽകിയശേഷം ബാക്കിയുള്ള തുക **"0202-01-102-92 അദർ റസീപ്റ്റ്സ്"** എന്ന ശീർഷകത്തിൽ ഒടുക്കി ചെലാന്റെ ഫോട്ടോകോപ്പിയും സ്റ്റേറ്റുമെന്റും പരീക്ഷാഭവനിലേക്ക് അയച്ചുതരേണ്ടതാണ്.

ഫോട്ടോകോപ്പി, സൂക്ഷ്മപരിശോധന, പുനർമൂല്യനിർണയം എന്നിവയ്ക്കുള്ള ഫീസ് പണമായി അപേക്ഷയോടൊപ്പം സ്കൂൾ മേധാവിയെ ഏൽപ്പിക്കേണ്ടതാണ്. സ്കൂൾ മേധാവി ഇതു സംബന്ധിക്കുന്ന വിവരങ്ങൾ അപേക്ഷ സ്വീകരിച്ച് അടുത്ത ദിവസം തന്നെ പരീക്ഷാ ഭവനിൽ അറിയിക്കേണ്ടതാണ്. **നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

## 12. ക്രമക്കേടുകൾ

പരീക്ഷാവേളയിൽ ഏതെങ്കിലും വിദ്യാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ പരീക്ഷാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും പുറത്താക്കുകയും തുടർന്നുള്ള പരീക്ഷകൾ എഴുതാൻ അനുവദിക്കുകയും ചെയ്യുന്നതല്ല. അടുത്തിരിക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു കുട്ടികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, പരീക്ഷാസമയത്ത് അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാണ്. പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും വിദ്യാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത വിദ്യാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. പരീക്ഷാ ക്രമക്കേടിനെ തുടർന്ന് പരീക്ഷയിൽ നിന്നും പുറത്താക്കിയ വിദ്യാർത്ഥിയെ തുടർന്നുള്ള വർഷങ്ങളിലെ പരീക്ഷ എഴുതുന്നതിൽ നിന്നും നിശ്ചിത വർഷത്തേയ്ക്ക് വിലക്ക് കൽപ്പിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമാണ്.

## 13. എസ്.എസ്.എൽ.സി (എച്ച്.ഐ) കാർഡുകളുടെ വിതരണം

ഗ്രേഡ് രേഖപ്പെടുത്തിയ എസ്.എസ്.എൽ.സി (എച്ച്.ഐ) കാർഡുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഹെഡ്മാസ്റ്റർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി നൽകുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ എസ്.എസ്.എൽ.സി (എച്ച്.ഐ) കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ മേധാവി സത്വരമായി ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതും വിതരണം ചെയ്യാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ മടക്കി നൽകി ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എസ്.എസ്.എൽ.സി (എച്ച്.ഐ) കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപ് പ്രധാനാദ്ധ്യാപകൻ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ എസ്.എസ്.എൽ.സി (എച്ച്.ഐ) കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനു മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ കുട്ടിയുടെ കൈയൊപ്പ് വാങ്ങേണ്ടതാണ്. കാർഡിന്റെ വിവരശേഖരണ ഭാഗത്ത് അടിയിലായി ഹെഡ്മാസ്റ്ററുടെ ഒപ്പ് കറുത്ത മഷിയിൽ പതിക്കേണ്ടതാണ്. പേരും ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്ര കൂടി പതിച്ചുവേണം കാർഡുകൾ പരീക്ഷാർത്ഥികൾക്കു നൽകേണ്ടത്. തിരുത്തലുകൾ ആവശ്യമായ സർട്ടിഫിക്കറ്റുകൾ റിസൾട്ട് പ്രസിദ്ധീകരിച്ച് മൂന്ന് മാസത്തിനകം

ബന്ധപ്പെട്ട രേഖകൾ സഹിതം പരീക്ഷാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. **സർട്ടിഫിക്കറ്റിൽ ഒപ്പിടുന്നത് കറുത്ത മഷിയിലായിരിക്കണം. പച്ച മഷി ഉപയോഗിക്കുവാൻ പാടുള്ളതല്ല.** അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്. **സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യുവാനോ പ്ലാസ്റ്റിക് കവറിൽ സൂക്ഷിക്കാനോ പാടുള്ളതല്ല എന്ന വിവരം നിർബന്ധമായും പ്രധാനാധ്യാപകൻ പരീക്ഷാർത്ഥികളെ അറിയിക്കേണ്ടതാണ്.**

## 14. സ്കോർ വിവരം അറിയുന്നതിന്

പരീക്ഷാർത്ഥികൾക്ക് യാതൊരു കാരണവശാലും ലഭിച്ച സ്കോർ വിവരം നൽകുന്നതല്ല. എന്നാൽ ഉപരിപഠനത്തിനു പോകുന്നവർക്ക് പ്രവേശനത്തിനായി എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമുണ്ടെങ്കിൽ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയും 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സഹിതം പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷിച്ചാൽ, ചേരാനുദ്ദേശിക്കുന്ന സ്ഥാപനമേധാവിക്ക് രഹസ്യമായി സ്കോർ വിവരം അയച്ചുകൊടുക്കുന്നതാണ്. ജോലിയുടെ ആവശ്യത്തിനും ഇതുപോലെ സ്കോർ വിവരം അറിയിക്കുന്നതാണ്. എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ എഴുതി രണ്ടു വർഷം കഴിഞ്ഞവർക്ക് 200 രൂപ ഡി.ഡി അടച്ചാൽ ലഭിച്ച സ്കോർ അപേക്ഷകന് നേരിട്ട് നൽകുന്നതാണ്. സൂചന 4 – ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി. (എച്ച്.ഐ) ഫലം പ്രഖ്യാപിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം പരീക്ഷാ സെക്രട്ടറിയുടെ പേരിൽ 500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പരീക്ഷാഭവനിൽ നേരിട്ടോ, പ്രഥമാധ്യാപകർ മുഖേനയോ അപേക്ഷ സമർപ്പിക്കുന്ന പരീക്ഷാർത്ഥികൾക്ക് മാർക്ക് വിവരം നൽകുന്നതാണ്.

## 15. മൈഗ്രേഷൻ സർട്ടിഫിക്കറ്റ്

എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ പാസ്സായവർക്ക് മറ്റു സംസ്ഥാനങ്ങളിൽ തുടർ പഠനം നടത്തുന്നതിന് ആവശ്യമായ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിൽ നിന്ന് നൽകുന്നതാണ്. ഇതിനായി നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ 50/- രൂപ ചെലാനും **("0202-01-102-92 അദർ റസീപ്റ്റ്സ്")** എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം അപേക്ഷിക്കേണ്ടതാണ്.

പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികളും ഇപ്പോൾ നിലവിലുള്ളതും ഇതോടനുബന്ധിച്ച് പുറപ്പെടുവിക്കുന്നതുമായ പരീക്ഷയുടെ നിയമങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥരാ യിരിക്കും. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യ മായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

OFFICE OF THE COMMISSIONER FOR GOVERNMENT EXAMINATIONS
PAREEKSHA BHAVAN
TRIVANDRUM-695012

**പരീക്ഷാ കമ്മീഷണർ**

## അനുബന്ധം – എ

## എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ – മാർച്ച് 2026

**അപേക്ഷാഫാറം [ARC/BT]**

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :
2. പരീക്ഷാർത്ഥിയുടെ പേര് :
3. ആൺകുട്ടി/ പെൺകുട്ടി :
4. മേൽവിലാസം ഫോൺ നമ്പർ :
5. മതവും ജാതിയും :
6. ഫീസിളവിന് അർഹതയുണ്ടോ? എങ്കിൽ ഏത് വിഭാഗം :
7. ജനനത്തീയതി :
8. രക്ഷാകർത്താവിന്റെ പേര് :
9. പഠന മാധ്യമം New :
11. പരീക്ഷ എത്രാമത്തെ തവണയാണ് എഴുതുന്നത് :
12. ഉപരിപഠനത്തിന് അർഹത ലഭിക്കാത്ത എത്ര പേപ്പറുകളുണ്ട് :
13. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | ലഭിച്ച ഗ്രേഡ് (BT) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

14. മുൻപ് പരീക്ഷ എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ (BT)

| ക്രമ നം | രജിസ്റ്റർ നമ്പർ | വർഷം |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |

15. ജയിച്ച എല്ലാ പേപ്പറുകളുടേയും വിവരങ്ങൾ (BT).

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | വർഷം | വിഷയം | ലഭിച്ച ഗ്രേഡ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |

16. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതിനാണോ അപേക്ഷിക്കുന്നത് : അതെ / അല്ല

17. എ.ആർ.സി വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ ഈ വർഷം ആവശ്യമായ ഹാജർ നേടിയിട്ടുണ്ടോ? : ഉണ്ട് / ഇല്ല

18. ഫീസ് ഒടുക്കിയതിന്റെ വിവരം

| ഫീസ് | പിഴ | എസ്.എസ്.എൽ.സി കാർഡിന്റെ വില | ആകെ | തുക ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|
| | | | | |

19. മറ്റു വിവരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ :

മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. മുൻപ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളുടെയും വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

സ്ഥലം:
തീയതി:

# അനുബന്ധം - ബി

## എസ്.എസ്.എൽ.സി പരീക്ഷ (എച്ച്.ഐ) - മാർച്ച് 2026
## അപേക്ഷാഫാറം (ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി, പുനർമൂല്യനിർണ്ണയം)

1. രജിസ്റ്റർ നമ്പർ :

2. പരീക്ഷാർത്ഥിയുടെ പേര് :

3. മേൽവിലാസം :
   ഫോൺ നമ്പർ

4. പരീക്ഷാ കേന്ദ്രത്തിന്റെ പേരും :
   സെന്റർ കോഡും

5. പഠന മാധ്യമം :

6. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | വിഷയം | ലഭിച്ച ഗ്രേഡ് | ഏതൊക്കെ വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുണ്ട് (X ചിഹ്നം രേഖപ്പെടുത്തുക) | | | ഫീസ് ഒടുക്കിയത് |
|---|---|---|---|---|---|---|
| | | | സൂക്ഷ്മ പരിശോധന (50/-രൂപ) | ഫോട്ടോകോപ്പി (200/-രൂപ) | പുനർമൂല്യ നിർണ്ണയം (400/-രൂപ) | |
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |

7. പരീക്ഷാകേന്ദ്രത്തിൽ ഫീസ് ഒടുക്കിയതിന്റെ വിവരം

| രസീത് നമ്പർ | തീയതി | തുക | | | ആകെ |
|---|---|---|---|---|---|
| | | സൂക്ഷ്മപരിശോധന | ഫോട്ടോകോപ്പി | പുനർമൂല്യനിർണ്ണയം | |
| | | | | | |

സ്ഥലം :
തീയതി :

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

കുറിപ്പ്: നിശ്ചിത ഫീസ് പണമായി പരീക്ഷാകേന്ദ്രത്തിലെ മേധാവിയെ ഏൽപ്പിക്കേണ്ടതാണ്.

## അനുബന്ധം – സി

## എസ്.എസ്. എൽ. സി. (എച്ച്.ഐ) പരീക്ഷ മാർച്ച് – 2026

### പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള അപേക്ഷ

### (Application for Cancellation of Candidature)

1. സെന്റർ നമ്പർ [ ]  2. വിദ്യാഭ്യാസ ജില്ല [ ]
3. പരീക്ഷാർത്ഥിയുടെ പേര് :
4. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :
5. സ്കൂളിന്റെ പേര് :
6. പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള കാരണം :
7. കാരണം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾ :
8. പരീക്ഷാർത്ഥിയെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ? :
9. ഉണ്ടെങ്കിൽ നീക്കം ചെയ്ത തീയതിയും കാരണവും :
10. പരീക്ഷാർത്ഥി IT പരീക്ഷയിൽ പങ്കെടുത്തിട്ടുണ്ടോ?
11. മറ്റെന്തെങ്കിലും വിവരങ്ങൾ :
12. രക്ഷാകർത്താവിന്റെ ഒപ്പ് :

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്ഥലം :

തീയതി: സ്കൂൾ സീൽ **ഹെഡ്മാസ്റ്ററുടെ ഒപ്പ്**

## ANNEXURE-D

## SSLC (HEARING IMPAIRED) EXAMINATION–MARCH 2026
## QUESTION PAPER STATEMENT

NAME OF CENTRE :

CENTRE CODE :

PHONE NO :

NAME OF EDUCATIONAL DISTRICT....................................

| PAPER | SUBJECT | NO.OF QUESTION PAPERS REQUIRED | REMARKS |
|---|---|---|---|
| I | MALAYALAM | | |
| II | ENGLISH | | |
| III | PHYSICS | | |
| IV | CHEMISTRY | | |
| V | BIOLOGY | | |
| VI | MATHEMATICS | | |
| VII | HISTORY & CIVICS (SS I) | | |
| VIII | GEOGRAPHY & ECONOMICS (SS II) | | |
| IX | INFORMATION TECHNOLOGY | | |

PLACE:

DATE: **SIGNATURE OF THE HEADMASTER**